# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പതിനൊന്ന്

## രാജാവിന്റെ അഭിഷേകം

## (4)

## III. പരീക്ഷിക്കപ്പെട്ടു

Sat ഈ ദൂതിൽ പുതുതായി നിയമിക്കപ്പെട്ട രാജാവിന്റെ പരീക്ഷയിലേക്ക് നാം വരുന്നു (4:1-11). തന്റെ അഭിഷേകത്തിനുശേഷം കർത്താവ് പരീക്ഷിക്കപ്പെട്ടു. ദൈവത്തിന്റെ ഭരണ നിർവഹണത്തിൽ അനുക്രമം എപ്പോഴും തിരഞ്ഞെടുപ്പ്, അഭിഷേകം, പരീക്ഷ എന്നിങ്ങനെയാണ്. വിവാഹജീവിതം ഇതിന്റെ ഒരു ഉദാഹരണമാണ്. വിവാഹം കഴിക്കുന്നതിനുമുമ്പ് നിങ്ങൾ തീർച്ചയായും ഒരു തിരഞ്ഞെടുപ്പു നടത്തി. നിങ്ങൾക്ക് വിവാഹം കഴിക്കുവാൻ കഴിയുമായിരുന്ന അനേകരിൽനിന്നും നിങ്ങൾ ഒരു വ്യക്തിയെ തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിനുശേഷം നിയമനം വരുകയും നിയമനത്തിനുശേഷം പരീക്ഷ വരുകയും ചെയ്തു. വിവാഹിതരായ ഏകദേശം എല്ലാ ദമ്പതികളും വിവാഹ പരീക്ഷയിൽ പരാജയപ്പെട്ടു. നിയമനത്തിൽ നാം വിജയിച്ചെങ്കിലും പരീക്ഷയിൽ നാം വിജയിച്ചില്ല.

സ്വർഗീയ രാജാവ് അഭിഷേകം ചെയ്യപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്തശേഷം പരീക്ഷിക്കപ്പെടുവാൻ അവൻ പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മരുഭൂമിയിലേക്ക് അവൻ സ്വന്തമായി പോയില്ല; അവന്റെമേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിനാൽ അവൻ അവിടേക്ക് നയിക്കപ്പെട്ടു. വിവാഹജീവിതത്തിൽ ദൈവവും നമ്മെ പരീക്ഷയിലേക്കു നയിക്കും. "കർത്താവേ, വിവാഹം കഴിക്കുന്നതിനുമുമ്പ് ഞാൻ വളരെയധികം പ്രാർഥിച്ചു. ഒടുവിൽ ഇയാളെ വിവാഹം കഴിക്കുന്നത് നിന്റെ ഹിതമാണെന്നും, ഇയാളെയാണ് നീ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്നതെന്നും നീ എന്നോടു പറഞ്ഞു. കർത്താവേ, ആദ്യം എനിക്ക് താല്പര്യമില്ലായിരുന്നെന്ന് നീ അറിയുന്നു, എന്നാൽ നിന്റെ സർവാധികാരത്തിൽ ഞങ്ങൾ ഒന്നിച്ചു വരുവാൻ നീ ക്രമീകരിച്ചു. എന്നാൽ ഇന്നത്തെ സാഹചര്യം

നോക്കുക. നീ എനിക്ക് തന്നയാളെ നോക്കൂ. ഇത് നിന്റെ തെറ്റാണോ അതോ എന്റെയോ?"എന്നു പറഞ്ഞുകൊണ്ട് നിരവധി യുവ സഹോദരീ സഹോദരന്മാർ ദൈവത്തോട് പരാതിപ്പെട്ടിട്ടുണ്ട്. കർത്താവോ നിങ്ങളോ തെറ്റു ചെയ്തിട്ടില്ല. ഇത് കർത്താവിന്റെ പരീക്ഷയാണ്.

എല്ലാ വിവാഹങ്ങളും, ഏറ്റവും കൂടുതൽ തെറ്റുപറ്റിയതായി കാണപ്പെടുന്നവപോലും, ദൈവത്തിന്റെ സർവാധികാരത്താലാണെന്ന് ഞാൻ വിശ്വസിക്കുന്നു. അവന്റെ സർവാധികാരപരമായ അനുവാദം കൂടാതെ ദൈവത്തിന്റെ മക്കൾക്ക് യാതൊന്നും സംഭവിക്കുന്നില്ല. സകലതും, തെറ്റുപറ്റിയെന്നു തോന്നുന്നതായ ഒരു വിവാഹംപോലും, നമ്മുടെ നന്മയ്ക്കായി ചേർന്നു പ്രവർത്തിക്കുന്നുവെന്ന് നമുക്കറിയാം (റോമ. 8:28). ശരിയായ വിവാഹം എന്താണെന്ന് ആരറിയുന്നു? വിവാഹജീവിതത്തിൽ എനിക്ക് അനേകം വർഷങ്ങളുടെ അനുഭവമുണ്ട്. നാല്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് എന്താണ് ശരിയായ വിവാഹമെന്ന് എനിക്ക് മറ്റുള്ളവരോട് സൂക്ഷ്മമായും വ്യക്തമായും ഉറപ്പിച്ചും പറയുവാൻ കഴിഞ്ഞിരുന്നു. എന്നാൽ ഈ ചോദ്യം നിങ്ങൾ എന്നോട് ഇന്നു ചോദിക്കുന്നുവെങ്കിൽ ഞാൻ പറയും, "നാം നിത്യതയിൽ പ്രവേശിക്കുന്നതുവരെ ഇതെനിക്ക് അറിയുവാൻ കഴിയുകയില്ല. അനേകം വർഷങ്ങളിലെ വിവാഹജീവിത അനുഭവത്തിനുശേഷം എന്താണ് ശരിയായ വിവാഹമെന്ന് വാസ്തവമായും എനിക്കറിയില്ല." എന്നാൽ ദൈവത്തിന്റെ സർവാധികാരത്തിൻകീഴിലുള്ള ഏതു വിവാഹവും ശരിയാണെന്ന് ഞാൻ പഠിച്ചിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കും ശരിയായ വിവാഹമാണുള്ളത്. സഹോദരന്മാരേ, നിങ്ങളുടെ ഭാര്യ നിങ്ങൾക്കു വേണ്ടിയുള്ള ശരിയായ ഒരുവളാണ്. സഹോദരിമാരേ, നിങ്ങളുടെ ഭർത്താവ് നിങ്ങൾക്കു വേണ്ടിയുള്ള ശരിയായ ഒരുവനാണ്. ഇത് നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും, നിങ്ങളുടെ സാഹചര്യത്തിൽനിന്നും നിങ്ങൾക്ക് ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. യുവാക്കളും മധ്യവയസ്കരും വിവാഹം കഴിഞ്ഞിട്ട് അനേകം വർഷങ്ങൾക്കുശേഷം, തങ്ങൾക്ക് തെറ്റുപറ്റിയെന്നും പിന്നെയും വിവാഹം കഴിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നെങ്കിൽ വ്യത്യസ്തമായി ചെയ്യുമായിരുന്നു എന്നും അവർ നിർണ്ണയച്ചേക്കാം. നിങ്ങൾക്ക് നിരവധി തവണ അതു ചെയ്യുവാൻ കഴിഞ്ഞാൽപോലും നിങ്ങൾക്ക് തെറ്റുപറ്റിയെന്ന തോന്നൽ അപ്പോഴുമുണ്ടാകും എന്ന് എനിക്ക് നിങ്ങളോട് ഉറപ്പിച്ചു പറയുവാൻ കഴിയും. ശരിയായ ഒരു തിരഞ്ഞെടുപ്പു നടത്തിയെന്ന് വിവാഹം കഴിക്കുവാൻ പോകുന്ന മിക്കവാറും എല്ലാവരും ചിന്തിക്കുന്നു, എന്നാൽ ചില വർഷങ്ങൾക്കുശേഷം അവർക്കു തെറ്റുപറ്റിയെന്ന തോന്നൽ ഉണ്ടാകുന്ന ചില സമയങ്ങളുണ്ടായേക്കാം. ഇതിനുള്ള കാരണം വിവാഹജീവിതത്തിൽ ദൈവം നമ്മെ പരീക്ഷിക്കുന്നു എന്നാണ്.

വിവാഹജീവിതത്തിൽ മാത്രമല്ല, സഭാജീവിതത്തിലും കർത്താവ് നമ്മെ പരീക്ഷിക്കുന്നു. നാം ആദ്യമായി സഭാജീവിതത്തിൽ വന്നപ്പോൾ നാം ഒരു സഭാജീവിത മധുവിധു അനുഭവിച്ചു. മഹത്വകരമായ സഭാജീവിതം നാം ആസ്വദിക്കുകയായിരുന്നു; സകലവും മനോഹരമായിരുന്നു. എന്നാൽ, ഇന്നല്ലെങ്കിൽ നാളെ നാം പരീക്ഷിക്കപ്പെടും. മൂപ്പർസംഘത്തിലേക്ക് വയ്ക്കപ്പെടുന്ന ഏതു സഹോദരനും പരീക്ഷിക്കപ്പെടുകയും, പരീക്ഷ സാധാരണയായി മറ്റു മൂപ്പന്മാരിൽനിന്നും വരുകയും ചെയ്യുന്നു. ഒരുപക്ഷേ നിങ്ങളുടെ സ്ഥലത്ത് ആരംഭത്തിൽ നിങ്ങൾ മാത്രമായിരുന്നു മൂപ്പൻ. നിങ്ങളെ സഹായിക്കുവാൻ മറ്റു ചിലരെ നിങ്ങൾ നോക്കിക്കൊണ്ടിരിക്കുകയും, പിന്നീട് രണ്ടുപേർ ചേർക്കപ്പെടുകയും ചെയ്തു. നിരവധി മാസങ്ങൾക്കുശേഷം നിങ്ങൾ മൂന്നുപേരും അന്യോന്യം പരീക്ഷിക്കപ്പെട്ടു. ഇത് കർത്താവ് അനുവദിക്കുന്നു. ദൈവത്തിന്റെ വ്യവസ്ഥയിൽ ചിലതിലേക്ക് നാം നിയമിക്കപ്പെട്ടതിനുശേഷം നാം എല്ലായ്പ്പോഴും പരീക്ഷിക്കപ്പെടും. കർത്താവായ യേശുവിന് ഒരു പരീക്ഷ ആവശ്യമായിരുന്നുവെങ്കിൽ, അപ്പോൾ നമ്മുടെ കാര്യം എങ്ങനെയാണ്?

വചനത്തിന്റെ ഈ ഭാഗം പൂർണ്ണമായി മനസ്സിലാക്കുവാൻ നിരവധി വർഷങ്ങൾ എനിക്ക് സാധിച്ചിരുന്നില്ല. ഈ ഭാഗത്തെ ആസ്പദമാക്കി നിരവധി ദൂതുകൾ ഞാൻ കേട്ടിട്ടുണ്ടെങ്കിലും, അവയിൽ യാതൊന്നും അതിന്റെ ഹൃദയത്തെ വാസ്തവമായി സ്പർശിച്ചില്ല. പൂർണ്ണമായി മനസ്സിലാക്കുന്നതിന്, ദൈവത്തിന്റെ വ്യവസ്ഥയിൽ നാം അഭിഷേകം ചെയ്യപ്പെടുകയും ചിലതിലേക്ക് നിയമിക്കപ്പെടുകയും ചെയ്തതിനുശേഷം നാം എല്ലായ്പ്പോഴും പരീക്ഷിക്കപ്പെടുമെന്ന് നാം കാണേണ്ടതാവശ്യമാണ്. കർത്താവായ യേശുപോലും വ്യത്യസ്തനായിരുന്നില്ല. നാം കാണാൻ പോകുന്നതുപോലെ തത്ത്വത്തിൽ എല്ലാ പരീക്ഷകളും ഒരുപോലെയാണ്.

## A. ആത്മാവിനാൽ നയിക്കപ്പെടുന്നു

വാക്യം 1 പറയുന്നു, "അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശു ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു." വെള്ളത്തിൽ സ്നാനപ്പെടുകയും ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തശേഷം ഒരു മനുഷ്യനെന്ന നിലയിൽ യേശു ആത്മാവിന്റെ നടത്തിപ്പിൻപ്രകാരം നീങ്ങി. തന്റെ മനുഷ്യത്വത്തിലുള്ള തന്റെ രാജകീയ ശുശ്രൂഷ ആത്മാവിൻ പ്രകാരമായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

ഒന്നാമത്, പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ അഭിഷേകം ചെയ്യപ്പെട്ട രാജാവിനെ ആത്മാവ് നയിച്ചു. സ്വർഗരാജ്യത്തിലെ രാജാവായിരിക്കുവാൻ അവൻ യോഗ്യനാണെന്ന്

തെളിയിക്കുന്നതിനുള്ള ഒരു ശോധനയായിരുന്നു ഈ പരീക്ഷ. പിശാചെന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദം കുറ്റംചുമത്തുന്നവനെന്നും, ദൂഷകനെന്നും അർഥമുള്ള *ഡയബോളോസ്* ആണ് (വെളി. 12:9-10). സാത്താൻ എന്ന പിശാച് ദൈവമുമ്പാകെ നമ്മെ കുറ്റംചുമത്തുകയും മനുഷ്യന്റെ മുമ്പാകെ നമ്മെ ദുഷിക്കുകയും ചെയ്യുന്നു.

## B. നാല്പതു പകലും നാല്പതു രാവും

നാല്പതു പകലും നാല്പതു രാവും കർത്താവ് ഉപവസിച്ചുവെന്ന് വാക്യം 2 പറയുന്നു. ഈ നാല്പതു പകലും നാല്പതു രാവും പരീക്ഷയുടെയും കഷ്ടത്തിന്റെയും ഒരു സമയമായിരുന്നു (ആവ. 9.9, 18; 1 രാജാ. 19:8). പുതുതായി അഭിഷിക്തനായ രാജാവ് തന്റെ രാജകീയ ശുശ്രൂഷയിലേക്കു പ്രവേശിക്കേണ്ടതിന് ഇങ്ങനെയുള്ള ഒരു കാലയളവ് ഉപവസിക്കുവാനായി ആത്മാവിനാൽ നയിക്കപ്പെട്ടു.

## C. പരീക്ഷകന്റെ പ്രലോഭനങ്ങൾ

### *1. കല്ലുകൾ അപ്പമായി മാറ്റുന്നത്*

ഒന്നാമത്തെ പരീക്ഷ മനുഷ്യജീവിതത്തിന്റെ വിഷയത്തിൽ, ഉപജീവനത്തിന്റെ വിഷയത്തിൽ ആയിരുന്നു. നമ്മുടെ ബന്ധുക്കളും, ഭാര്യയുടെ മാതാപിതക്കളും, പ്രത്യേകിച്ചും പഴയ തലമുറയിലുള്ളവർ, നമ്മുടെ ഉപജീവനം എങ്ങനെയായിരിക്കും എന്ന് എല്ലായ്പ്പോഴും ആശങ്കപ്പെടുന്നവരാണ്. "കർത്താവിനെ സ്നേഹിക്കുന്നതിൽ കുഴപ്പമില്ല, എന്നാൽ മൂഢമായ രീതിയിൽ അവനെ സ്നേഹിക്കരുത്. ഒരു നല്ല ഉപജീവനം ഉണ്ടായിരിക്കുവാനുള്ള നിന്റെ ആവശ്യം നീ പരിഗണിക്കണം" എന്ന് അവർ പറഞ്ഞേക്കാം. 1933-ൽ കർത്താവ് എന്നെ ഭാരപ്പെടുത്തുകയും എന്റെ ജോലി ഉപേക്ഷിക്കുവാൻ എന്നെ നയിക്കുകയും ചെയ്തപ്പോൾ എന്റെ ഭാര്യയുടെ മാതാപിതാക്കൾ പറഞ്ഞു, "നിനക്കൊരു നല്ല ജോലിയുണ്ട്. നിന്റെ കുടുംബത്തെ കരുതുവാനും മറ്റുള്ളവരെ സഹായിക്കുവാനും നല്ലൊരു തുക നീ സമ്പാദിക്കുന്നുമുണ്ട്. ഞായറാഴ്ച നിനക്ക് സംസാരിക്കുവാനും ആഴ്ചയിലുടനീളം രാത്രിസമയത്ത് യോഗങ്ങൾ നടത്തുവാനും നിനക്കു കഴിയും. പിന്നെ എന്തിന് നിന്റെ ജോലി നീ വിട്ടുകളയണം? ഇങ്ങനെയുള്ള ഒരു ജോലിക്കുവേണ്ടി മറ്റുള്ളവർ വ്യഗ്രതയോടെ കാത്തിരിക്കുന്നുവെങ്കിലും അത് കിട്ടാനുള്ള അവസരമില്ല. എന്നാൽ നീ അത് ഉപേക്ഷിക്കുന്നു. നിനക്കെങ്ങനെ ഒരു ഉപജീവനം ഉണ്ടായിരിക്കുവാൻ സാധിക്കുമെന്ന് ഞങ്ങൾ അത്ഭുതപ്പെടുന്നു. നിന്റെ ഭാര്യയെയും മക്കളെയും നീ എങ്ങനെ കരുതുമെന്ന് ഞങ്ങൾക്കറിയില്ല." അവരുടെ ഉപദേശത്തിന്

ഞാൻ ചെവികൊടുത്തില്ല; കർത്താവിനെ മുഴുവൻ സമയം സേവിക്കേണ്ടതിന് എന്റെ ജോലി ഉപേക്ഷിക്കുന്നതിൽനിന്നും എന്നെ നിരുത്സാഹപ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞതുമില്ല. ഞങ്ങൾക്ക് ഭക്ഷിക്കുവാൻ ആഹാരമുണ്ടോ എന്നു കാണുവാൻ ഞങ്ങളുടെ അടുക്കളയിലേക്ക് ഒളിഞ്ഞുനോക്കുവാൻ എന്റെ ഭാര്യയുടെ മാതാപിതാക്കൾ പല തവണ അവരുടെ കൊച്ചു മകളെ അയയ്ക്കുകപോലും ചെയ്തു. ഞങ്ങൾ പട്ടിണി കിടക്കുമായിരിക്കുമെന്ന് അവർ ആകുലപ്പെട്ടു. നമ്മുടെ ജീവിതത്തിന്റെ വിഷയം നമ്മെ ആഴത്തിൽ സ്പർശിക്കുന്നു; കർത്താവായ യേശുപോലും ഇതിനെ സംബന്ധിച്ച് പരീക്ഷിക്കപ്പെട്ടു.

നാല്പതു പകലും നാല്പതു രാവും ഉപവസിക്കുവാൻ കർത്താവ് നയിക്കപ്പെട്ടു. ഈ നാല്പതു പകലിനും നാല്പതു രാവിനുംശേഷം അവന് ശാരീരികമായി വിശന്നു; അപ്പോൾ പരീക്ഷകൻ അവന്റെ അടുക്കൽ വന്നിട്ട്, "നീ ദൈവപുത്രനാകുന്നു എങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരേണ്ടതിനു പറയുക" (വാ. 3) എന്നു പറഞ്ഞു. ഈ നിർദ്ദേശത്തിന് കർത്താവ്, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കും എന്ന് എഴുതിയിരിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു (വാ. 4). ഈ കാലയളവിൽ കർത്താവ് ഉപവസിച്ചതുകൊണ്ട് അവൻ യാതൊന്നും ഭക്ഷിച്ചില്ല എന്ന് അനേകം ക്രിസ്ത്യാനികൾ ചിന്തിക്കുന്നു. എന്നാൽ, കർത്താവായ യേശു ഉപവസിക്കുമ്പോൾ അവൻ ഭക്ഷിക്കുകയായിരുന്നുവെന്ന് ഈ വചനം വെളിപ്പെടുത്തുന്നു. ശാരീരികമായി അവൻ ഉപവസിക്കുകയായിരുന്നു, എന്നാൽ ആത്മികമായി അവൻ ഭക്ഷിക്കുകയായിരുന്നു.

ഇവിടെ നാം പ്രധാനപ്പെട്ട ഒരു തത്ത്വം കാണുന്നു. കർത്താവിന്റെ ശുശ്രൂഷയിലും വ്യവസ്ഥയിലും, എങ്ങനെ നമ്മുടെ ഭൗതിക ആവശ്യങ്ങളെ താഴ്ത്തണമെന്നും ആത്മിക ആവശ്യത്തെ കരുതണമെന്നും നാം അറിയുന്നില്ലെങ്കിൽ അവന്റെ ശുശ്രൂഷയ്ക്ക് നാം യോഗ്യരല്ല. കർത്താവിന്റെ ശുശ്രൂഷയിൽ യോഗ്യതയുള്ളവരായിരിക്കുന്നതിന് നാം പരീക്ഷിക്കപ്പെടണം. നമ്മുടെ ഭൗതിക ആവശ്യകതകളെ നാം താഴെ വയ്ക്കണം. ഒരു നല്ല ജീവിതവും, നല്ല ഭക്ഷണവും, നല്ല വസ്ത്രവും, ശരിയായ പാർപ്പിടവുമെല്ലാം രണ്ടാമതാണ്. ആത്മിക ഭക്ഷണം കഴിക്കുന്നതാണ് പ്രാഥമികം. തന്റെ സ്നാനത്തിനുശേഷം ഉടനെ കർത്താവായ യേശു, താൻ ഭൗതിക ആവശ്യത്തിനു വേണ്ടിയുള്ളവനല്ല, മറിച്ച് ആത്മികാവശ്യങ്ങൾക്കുവേണ്ടി മാത്രം കരുതുന്നവനായിരിക്കും എന്ന് മുഴുവൻ പ്രപഞ്ചത്തോടും പ്രഖ്യാപിക്കുവാൻ കഴിയുന്നതായ ഒരു സാഹചര്യത്തിലേക്ക് നയിക്കപ്പെട്ടു. നാല്പതു പകലും നാല്പതു രാവും ഭൗതികമായ ആവശ്യങ്ങളെയെല്ലാം മറന്നുകൊണ്ട് എല്ലാ

ഭൗതിക ആഹാരത്തെയും അവൻ ഉപേക്ഷിച്ചു. എങ്കിലും, ആത്മികാവശ്യത്തിനുവേണ്ടി അവൻ കരുതി. അവന്റെ ഭൗതിക ശരീരത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി അവൻ ഭക്ഷിച്ചില്ലെങ്കിലും, അവന്റെ ആത്മാവിന്റെ പോഷണത്തിനുവേണ്ടി വളരെയധികം അവൻ ഭക്ഷിച്ചു. മരുഭൂമിയിലായിരുന്ന ആ ദിവസങ്ങളിൽ കർത്താവായ യേശു ഭക്ഷിക്കുകയായിരുന്നില്ല എന്നു ചിന്തിച്ചതിൽ സാത്താൻ പൂർണ്ണമായും തെറ്റായിരുന്നു. ഭൗതിക ഭക്ഷണത്തിൽനിന്നും അവൻ ഉപവസിക്കുകയായിരുന്നപ്പോൾ അവൻ ആത്മിക ഭക്ഷണത്തിൽ പങ്കുകൊള്ളുകയായിരുന്നു. ഇതാണ് നമ്മുടെ ജീവിതത്തിന്റെ വിഷയത്തിലുള്ള പരീക്ഷ.

അനേകം ഭാര്യമാർക്ക് ഈ പരീക്ഷയെ അതിജീവിക്കുവാൻ കഴിഞ്ഞിട്ടില്ല. ഏതു ഭാര്യയും അവളുടെ സുരക്ഷിതത്ത്വത്തെക്കുറിച്ച് വളരെ ആശങ്കയുള്ളവളാണ്. നല്ല ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും ഉണ്ടായിരിക്കുവാൻ ഭാര്യമാർ ആഗ്രഹിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നല്ലൊരു ജീവിതം അവർ ആഗ്രഹിക്കുന്നു. ഇത് അനേകം സഹോദരന്മാർക്ക് ഒരു പ്രശ്നം പടുത്തുയർത്തി. ഈ സഹോദരന്മാർക്ക് സഭയുടെ വഴി എടുക്കാനുള്ള ഒരു ഹൃദയം ഉണ്ടായിരുന്നെങ്കിലും, ഒരു നല്ല ജീവിതത്തിന്റെ ഉറപ്പില്ലാതിരുന്നതുകൊണ്ട് അവരുടെ ഭാര്യമാർ അവരെ പിന്തുടരുവാൻ മനസ്സുള്ളവരായിരുന്നില്ല. നാം ആദ്യം സഭയുടെ മാർഗം എടുക്കുവാൻ തുടങ്ങിയപ്പോൾ, നമ്മുടെ ഭാര്യമാർ, "നമ്മുടെ ഭാവി എങ്ങനെയാണ്? നമ്മുടെ ജീവിതം എങ്ങനെയാണ്? നമ്മുടെ ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും എങ്ങനെയാണ്?" എന്ന് പറഞ്ഞതായി നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. സഭയുടെ മാർഗം എടുക്കുകയും ദൈവത്തിന്റെ വ്യവസ്ഥയുടെ വഴിയിൽ പോകുകയും ചെയ്യണമെങ്കിൽ നാം അഭിമുഖീകരിക്കേണ്ട ഒരു പരീക്ഷയാണിത്.

നാം ജയിക്കേണ്ട ഒന്നാമത്തെ പരീക്ഷ നമ്മുടെ ജീവിതത്തെ സംബന്ധിച്ച പരീക്ഷയാണ്. ഭൗതിക ഭക്ഷണത്തെക്കാൾ കൂടുതൽ ആത്മിക ഭക്ഷണത്തിനുവേണ്ടി നാം കരുതണം. നാം ജീവിക്കുമോ മരിക്കുമോ എന്നത് രണ്ടാമത്തെ കാര്യമാണ്. നമ്മുടെ ആത്മാവ് പോഷിപ്പിക്കപ്പെടുന്നതിനെ, നമ്മുടെ ആത്മാവ് ദൈവവചനത്തിൽ, ദൈവത്തിൽത്തന്നെ, വിരുന്നാസ്വദിക്കുന്നതിനെ മാത്രം നാം കരുതുന്നു.

ചില പാസ്റ്റർമാരും, മിഷണിമാരും, വേദപുസ്തക ഉപദേഷ്ടാക്കന്മാരും സഭയുടെ മാർഗം കാണുകയും ഇതിനെക്കുറിച്ച് ഞാനുമായി സമഗ്രമായ ഒരു സംസാരം ഉണ്ടായിരിക്കുകയും ചെയ്യു. എന്നാൽ, ഇത് ഇടുങ്ങിയതാണെന്നു മനസ്സിലാക്കിയിട്ട് ഈ മാർഗത്തിൽ അവർ പോയാൽ അവരുടെ ജീവിതത്തിന് എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് അവർ ആശങ്കപ്പെട്ടിരുന്നു.

ഈ പ്രിയപ്പെട്ടവരിൽ അനേകരുടെ ഭാര്യമാർ ഈ ഇടുങ്ങിയ മാർഗം അവരുടെ ഭർത്താക്കന്മാർ എടുക്കുന്നതിനോട് യോജിച്ചില്ല. അവരുടെ ഭർത്താക്കന്മാർ സഭയുടെ മാർഗത്തിൽ പോയെങ്കിൽ അവരുടെ ജീവിതനിലവാരം താണുപൊകുമെന്ന് അവർ അറിഞ്ഞിരുന്നു.

നാൽപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് ചൈനയിൽ ഈ മാർഗം വാസ്തവമായും ഇടുങ്ങിയതായിരുന്നു; ഞങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് ദിവസേന ഞങ്ങൾ പരീക്ഷയിൽ ആയിരുന്നു. നിരവധി സമയങ്ങളിൽ ഭക്ഷിക്കുവാൻ ഒന്നുമില്ലാത്തതിൽനിന്നും കേവലം ഒരു ഡോളർ ഞങ്ങളിൽ ചിലരെ കാത്തു. ഈ ഇടുങ്ങിയ വഴി എടുക്കുന്നതിനായി ദൈവത്തിലുള്ള വിശ്വാസത്തിൽ ഞങ്ങൾ ജീവിക്കണമായിരുന്നു. ഇത് വളരെ പ്രയാസമാണെങ്കിലും അനേകം വർഷങ്ങൾ വിശ്വാസത്താൽ ഞങ്ങൾ ജീവിച്ചു. ആ പരീക്ഷാ ദിവസങ്ങളിൽ ഞങ്ങളുടെ ജീവിത നിലവാരം വളരെയധികം താണുപോയപ്പോൾ ദൈവത്തിലും അവന്റെ വചനത്തിലും ഞങ്ങൾ വിരുന്നാസ്വദിച്ചുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഞങ്ങളുടെ അനുഭവം മരുഭൂമിയിലായിരുന്ന കർത്താവായ യേശുവിന്റേതിന് സമമായിരുന്നു. മരുഭൂമിയിൽ പോകുന്നത് അവൻ തിരഞ്ഞെടുക്കുകയോ സ്വന്തം മുൻഗണനയാൽ അവൻ അവിടേക്ക് പോകുകയോ ചെയ്തില്ല. അവൻ പരിശുദ്ധാത്മാവിനാൽ അവിടേയ്ക്ക് നയിക്കപ്പെട്ടു. അതുപോലെ, ഞങ്ങൾ സഭാജീവിതമെന്ന മരുഭൂമിയിലേക്ക് ദൈവത്താൽ നയിക്കപ്പെട്ടു. അമ്പതു വർഷങ്ങൾക്കുമുമ്പ് സഭ വാസ്തവമായി മരുഭൂമിയിലായിരുന്നു. മിക്കവാറും എല്ലാ ദിവസവും ആ രാത്രി എന്തു ഭക്ഷിക്കുമെന്നതിനെ സംബന്ധിച്ച് ഞങ്ങൾ പരീക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ ആ സമയമായിരുന്നു ഞങ്ങൾ ദൈവവചനത്തിൽ വിരുന്നാസ്വദിച്ചിരുന്നത്. ഒരു വശത്ത്, ഭക്ഷിക്കുവാൻ വളരെയധികം ഭൗതിക ഭക്ഷണമില്ലായിരുന്നു; എന്നാൽ മറുവശത്ത്, സമ്പന്നമായ വചനം ഞങ്ങൾ വിരുന്നായി ആസ്വദിച്ചു.

സഭാജീവിതത്തിൽ തത്ത്വം ഇന്നും അങ്ങനെ തന്നെയാണ്. സഭയുടെ മാർഗം എടുക്കുന്നതിൽ നാം അഭിമുഖീകരിക്കേണ്ട ഒന്നാമത്തെ പരീക്ഷ നമ്മുടെ ജീവിത നിലവാരത്തെ താഴ്ത്തുന്നതാണ്. ഇത് നമ്മുടെ ഭൗതികമായ ജീവിതത്തിന്റെ മണ്ഡലത്തിലെ പരീക്ഷയാണ്. സഭയുടെ മാർഗം എടുക്കുന്ന ഓരോരുത്തനും തന്റെ ദൈനംദിന ജീവിതമെന്ന ഈ വിഷയത്തിൽ പരീക്ഷിക്കപ്പെടും. നമ്മുടെ ആശങ്ക ഭൗതിക ആഹാരത്തിനു വേണ്ടിയല്ല, പിന്നെയോ ആത്മിക ആഹാരത്തിനു വേണ്ടിയാണെന്ന് മുഴുവൻ പ്രപഞ്ചത്തെയും കാണിക്കുവാൻ നാം പരീക്ഷിക്കപ്പെടും. മരുഭൂമിയിലായിരുന്ന ആ നാളുകളിൽ യേശു ഭൗതിക ആഹാരത്തിനു വേണ്ടിയല്ല, മറിച്ച് ആത്മിക

ആഹാരത്തിനുവേണ്ടി കരുതിയിരുന്നു. അവൻ ശാരീരികമായി ഉപവസിക്കുകയായിരുന്നു, എങ്കിലും അവൻ ദൈവവചനം ഭക്ഷിക്കുകയായിരുന്നു. മരുഭൂമിയിൽ അപ്പംകൊണ്ടു മാത്രമല്ല അവൻ ജീവിച്ചത്; അവൻ ദൈവവചനംകൊണ്ട് ജീവിച്ചു.

LD

### *a. ദൈവപുത്രനാണെന്ന് അനുമാനിച്ചുകൊണ്ട് മനുഷ്യനെന്ന നിലപാട് ഉപേക്ഷിക്കുവാൻ പരീക്ഷിക്കപ്പെടുന്നു*

ഇനി നാം ഒന്നാമത്തെ പരീക്ഷയുടെ മുഖ്യ വിഷയത്തിലേക്കു വരുന്നു. ക്രിസ്തുവിന്റെ സ്നാനത്തിന്റെ സമയത്ത് പിതാവ് സ്വർഗം തുറക്കുകയും, "ഇത് എന്റെ പ്രിയപുത്രൻ ആകുന്നു" (3:17) എന്നു പ്രഖ്യാപിക്കുകയും ചെയ്തു. നസറെത്തിൽനിന്നുള്ള ഒരു ചെറിയ മനുഷ്യൻ പിതാവായ ദൈവത്തിന്റെ പ്രിയപുത്രനായിരുന്നുവെന്ന് സ്വർഗത്തിൽനിന്നുള്ള ഒരു ശബ്ദം പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം ഉണ്ടായശേഷം ഉടനെ ഇവൻ തന്റെ ഭൗതിക ജീവനുവേണ്ടി കരുതുമോ, അതോ തന്റെ ആത്മിക ജീവനുവേണ്ടി കരുതുമോ എന്നു കാണുവാൻ പരീക്ഷിക്കേണ്ടതിന് പരിശുദ്ധാത്മാവ് ഈ മനുഷ്യനെ മരുഭൂമിയിലേക്ക് നയിച്ചു. പിന്നീട്, പിതാവിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, "നീ ദൈവപുത്രനാകുന്നു എങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരേണ്ടതിന് പറയുക" എന്നു പറഞ്ഞുകൊണ്ട് പരീക്ഷകൻ ഈ മനുഷ്യനെ പരീക്ഷിക്കുവാൻ വന്നു (വാ. 3). സാത്താൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നാല്പതു ദിവസങ്ങൾക്കുമുമ്പ് നീ പ്രിയപുത്രനാണെന്ന് പിതാവായ ദൈവം നടത്തിയ പ്രഖ്യാപനം ഞങ്ങൾ കേട്ടു. നീ ഇപ്പോൾ വാസ്തവമായി ദൈവപുത്രനാണെങ്കിൽ അതു തെളിയിക്കുവാൻ ചിലതു ചെയ്യുക. 'കല്ലുകളേ, നിങ്ങൾ അപ്പമായിത്തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു' എന്നു പറയുക. നീ ദൈവപുത്രനാണെങ്കിൽ, മറ്റാർക്കും ചെയ്യുവാൻ കഴിയാത്ത ഒന്നു ചെയ്തുകൊണ്ട് നിന്നോടുതന്നെയും, എന്നോടും, മുഴുവൻ പ്രപഞ്ചത്തിലുമുള്ള എല്ലാവരോടും നീ അതു തെളിയിക്കണം."

പുതുതായി അഭിഷിക്തനായ രാജാവ് തന്റെ മനുഷ്യത്വത്തിൽ, ഒരു മനുഷ്യന്റെ അടിത്തറയിൽ നിന്നുകൊണ്ട് ഉപവസിച്ചു. എങ്കിലും, അവന്റെ സ്നാനത്തിൽ പിതാവായ ദൈവം പ്രഖ്യാപിച്ചതുപോലെ അവൻ ദൈവപുത്രനും ആണ്. സ്വർഗരാജ്യത്തിനുവേണ്ടി തന്റെ ശുശ്രൂഷ നിർവഹിക്കുന്നതിന് ദൈവത്തിന്റെ ശത്രുവായ സാത്താൻ എന്ന പിശാചിനെ അവൻ പരാജയപ്പെടുത്തണമായിരുന്നു. ഇത് അവൻ ഒരു മനുഷ്യനായി ചെയ്യണം. തന്മൂലം, ദൈവത്തിന്റെ ശത്രുവിനോട് എതിരിടുവാൻ അവൻ ഒരു മനുഷ്യനായി നിന്നു. ഇത് അറിഞ്ഞുകൊണ്ട് മനുഷ്യൻ എന്ന നിലപാട് ഉപേക്ഷിക്കുവാനും ദൈവപുത്രനെന്ന അവന്റെ

സ്ഥാനം എടുക്കുവാനും പിശാച് അവനെ പ്രലോഭിപ്പിച്ചു. നാല്പതു ദിവസങ്ങൾക്കുമുമ്പ് അവൻ പിതാവിന്റെ പ്രിയ പുത്രനാണെന്ന് സ്വർഗത്തിൽനിന്നും പിതാവായ ദൈവം പ്രഖ്യാപിച്ചു. അവനെ പരീക്ഷിക്കുവാനുള്ള അടിത്തറയെന്ന നിലയിൽ കൗശലക്കാരനായ പരീക്ഷകൻ പിതാവായ ദൈവത്തിന്റെ ആ പ്രഖ്യാപനം എടുത്തു. അവൻ ശത്രുവിനു മുമ്പാകെ ദൈവപുത്രനാണെന്ന അവന്റെ സ്ഥാനം ഏറ്റെടുത്തിരുന്നെങ്കിൽ അവനെ പരാജയപ്പെടുത്താനുള്ള നിലപാട് അവനു നഷ്ടമാകുമായിരുന്നു.

കല്ലുകളെ അപ്പമാക്കിത്തീർക്കുന്നത് നിശ്ചയമായും ഒരു അത്ഭുതമാകുമായിരുന്നു. ഒരു പരീക്ഷയെന്ന നിലയിൽ ഇതായിരുന്നു പിശാചിന്റെ നിർദ്ദേശം. പലപ്പോഴും ചില സാഹചര്യത്തിൽ ഒരു അത്ഭുതം പ്രവർത്തിക്കുകയെന്ന ചിന്ത പിശാചിൽനിന്നുള്ള ഒരു പ്രലോഭനമാണ്. ഒന്നാം മനുഷ്യനായ ആദാമിനോടുള്ള പിശാചിന്റെ പ്രലോഭനം ഭക്ഷിക്കുന്ന കാര്യവുമായി ബന്ധപ്പെട്ടായിരുന്നു (ഉല്പ. 3:1-6). ഇപ്പോൾ രണ്ടാം മനുഷ്യനായ ക്രിസ്തുവിനോടുള്ള അവന്റെ പ്രലോഭനവും ഭക്ഷിക്കുന്ന കാര്യത്തോടു ബന്ധപ്പെട്ടാണ്. മനുഷ്യനെ കുടുക്കുവാൻ എല്ലായ്പ്പോഴും പിശാചിനാൽ ഉപയോഗിക്കപ്പെടുന്ന ഒരു കെണിയാണ് ഭക്ഷിക്കുന്ന വിഷയം.

### *b. മനുഷ്യന്റെ സ്ഥാനത്തിൽ നിന്നുകൊണ്ട് പരീക്ഷകനെ പരാജയപ്പെടുത്തുന്നു*

വാക്യം 4 പറയുന്നു, "എന്നാൽ അവൻ, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുംഎന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു." ദൈവപുത്രനെന്ന തന്റെ സ്ഥാനം എടുക്കുവാൻ പരീക്ഷകൻ പുതിയ രാജാവിനെ പ്രലോഭിപ്പിച്ചു. എന്നാൽ താൻ ശത്രുവിനോട് ഇടപെടുവാൻ മനുഷ്യന്റെ സ്ഥാനത്തിൽ നിൽക്കുന്നു എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, അവൻ "മനുഷ്യൻ" എന്ന തിരുവെഴുത്തുകളിലെ വചനത്താൽ ഉത്തരം നൽകി. ഭൂതങ്ങൾ യേശുവിനെ ദൈവപുത്രനായി അഭിസംബോധന ചെയ്തു (8:29); എന്നാൽ യേശു ജഡത്തിൽ വന്നുവെന്ന് ദുഷ്ടാത്മാക്കൾ ഏറ്റുപറഞ്ഞില്ല (1 യോഹ. 4:3), കാരണം യേശുവിനെ മനുഷ്യനായി ഏറ്റുപറയുന്നതിലൂടെ അവർ പരാജയപ്പെടുമായിരുന്നു. യേശുവിനെ ദൈവപുത്രനായി ഭൂതങ്ങൾ ഏറ്റുപറയുന്നുവെങ്കിലും അവൻ ദൈവപുത്രനാണെന്ന് ജനം വിശ്വസിക്കുവാൻ പിശാച് ആഗ്രഹിക്കുന്നില്ല, കാരണം അങ്ങനെ ചെയ്യുന്നതിലൂടെ ജനം രക്ഷിക്കപ്പെടും (യോഹ. 20:31).

പരീക്ഷകനോട് കർത്താവായ യേശു പറഞ്ഞ "മനുഷ്യൻ" എന്ന പദം കൊല്ലുന്ന ഒരു പദമായിരുന്നു. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "സാത്താനേ, ദൈവപുത്രനെന്ന

എന്റെ സ്ഥാനം എടുക്കുവാൻ എന്നെ പ്രലോഭിപ്പിക്കരുത്. ഞാനിവിടെ ആയിരിക്കുന്നത് ഒരു മനുഷ്യനായാണ്. ഞാൻ ദൈവപുത്രൻ മാത്രമായിരുന്നെങ്കിൽ എനിക്കൊരിക്കലും ഇവിടെ ആയിരിക്കുവാൻ കഴിയുമായിരുന്നില്ല; കൂടാതെ നിന്നാൽ ഞാൻ ഒരിക്കലും പരീക്ഷിക്കപ്പെടുവാനും കഴിയുമായിരുന്നില്ല. എന്നാൽ ഞാൻ ഒരു മനുഷ്യനായതുകൊണ്ട് ഞാൻ പരീക്ഷിക്കപ്പെടുന്നു. സാത്താനേ, നിനക്ക് ദൈവപുത്രനെ ഭയമില്ലെന്ന് എനിക്കറിയാം, എന്നാൽ നീ മനുഷ്യനെ ഭയപ്പെടുന്നു. നിന്നെ പരാജയപ്പെടുത്തുവാനും ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനുമായി ദൈവം സൃഷ്ടിച്ച മനുഷ്യനായ ഒന്നാം മനുഷ്യൻ നിന്നാൽ പരാജയപ്പെട്ടു. അങ്ങനെ, നിന്നെ പരാജയപ്പെടുത്തുവാൻ രണ്ടാം മനുഷ്യനായി ദൈവം എന്നെ അയച്ചു. ഇപ്പോൾ ദൈവപുത്രനെന്ന എന്റെ സ്ഥാനമെടുക്കുന്നതിന് മനുഷ്യനെന്ന എന്റെ സ്ഥാനം ഉപേക്ഷിക്കുവാൻ നീ എന്നെ പ്രലോഭിപ്പിക്കുന്നു. എന്നാൽ സാത്താനേ, ഞാൻ നിന്നോടു പറയുന്നു, ഞാൻ ഇവിടെ നിൽക്കുന്നത് ഒരു മനുഷ്യനായാണ്."

"ദൈവപുത്രൻ" എന്ന് ഭൂതങ്ങൾ ആർത്തെങ്കിലും യേശു ഒരു മനുഷ്യനായി വന്നുവെന്ന് ദുഷ്ടാത്മാക്കൾ ഏറ്റുപറയുന്നില്ല. അവൻ ദൈവപുത്രനാണെന്ന് അവർ സമ്മതിക്കും, എന്നാൽ അവൻ ഒരു മനുഷ്യനാണെന്ന് അവർ അംഗീകരിക്കുകയില്ല. ക്രിസ്തു ദൈവപുത്രനാണെന്ന് ആരെങ്കിലും വിശ്വസിക്കുവാൻ ദുഷ്ടാത്മാക്കൾ ആഗ്രഹിക്കാത്തതിന്റെ കാരണം അങ്ങനെ ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്നതാണ്. എന്നാൽ യേശുവിനെ മനുഷ്യനായി അംഗീകരിക്കുവാൻ അവർ ധൈര്യപ്പെടുന്നില്ല; കാരണം അവർ അങ്ങനെ ചെയ്യുവെങ്കിൽ, അവർ പരാജയപ്പെടും. ഭൂതങ്ങളോട് ഇടപെടുന്ന കാര്യത്തിൽ യേശു മനുഷ്യപുത്രനാണ്. പാപികളെ രക്ഷിക്കുന്ന കാര്യത്തിൽ അവൻ ദൈവപുത്രനാണ്. ദൈവപുത്രനെന്ന നിലയിൽ നാം അവനിൽ വിശ്വസിക്കുമ്പോൾ നാം രക്ഷിക്കപ്പെടുന്നു. എന്നാൽ ഭൂതങ്ങൾ അവനെ മനുഷ്യപുത്രനായി അംഗീകരിക്കുമ്പോൾ അവ പരാജയപ്പെടും. അതുകൊണ്ട്, സാത്താനെ പരാജയപ്പെടുത്തുവാൻ കർത്താവായ യേശു ഒരു മനുഷ്യനെന്ന ശക്തമായ ഒരു നിലപാടെടുത്തു. യേശു ഒരു മനുഷ്യന്റെ സ്ഥാനമെടുത്തതുകൊണ്ട് ഈ ഒന്നാമത്തെ പരീക്ഷയിൽ സാത്താൻ പരാജിതനായി.

പുതുതായി അഭിഷേകം ചെയ്യപ്പെട്ട രാജാവ് തന്റെ സ്വന്തം വാക്കിനാലല്ല, ആവർത്തനം 8:3 ഉദ്ധരിച്ചുകൊണ്ട് തിരുവെഴുത്തുകളിലെ വചനത്താൽ ശത്രുവിന്റെ പരീക്ഷയെ എതിരിട്ടു. ഈ വാക്ക് സൂചിപ്പിക്കുന്നത് കർത്താവായ യേശു തിരുവെഴുത്തുകളിലെ ദൈവവചനത്തെ തന്റെ അപ്പമായി എടുത്തുകൊണ്ട് അതിനാൽ ജീവിച്ചു എന്നാണ്. വാക്യം 4-ൽ

"വചനം" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദം *റീമ* ആണ്. തത്സമയ വചനമായ *റീമ* സ്ഥിര വചനമായ *ലോഗോസിൽ*നിന്നും വ്യത്യസ്തമാണ്. ഈ പരീക്ഷയിൽ ആവർത്തന പുസ്തകത്തിൽനിന്നും കർത്താവ് ഉദ്ധരിച്ച എല്ലാ വചനങ്ങളും *ലോഗോസ്*, തിരുവെഴുത്തുകളിലെ സ്ഥിര വചനം ആയിരുന്നു. എന്നാൽ അവൻ അവയെ ഉദ്ധരിച്ചപ്പോൾ, അവ തന്റെ സാഹചര്യത്തോട് പ്രയോഗിച്ച തത്സമയ വചനമായ *റീമ* ആയിത്തീർന്നു.

എല്ലാ തിരുവെഴുത്തും ദൈവ-ശ്വാസീയമാണ് (2 തിമൊ. 3:16). അതിനാൽ, തിരുവെഴുത്തുകളിലെ വചനങ്ങൾ ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന വചനങ്ങളാണ്.

## 2. ആലയത്തിന്റെ അഗ്രത്തിൽനിന്നും തന്നെത്തന്നെ താഴേക്ക് ഇടുവാൻ

### *a. ദൈവം അവനെ സംരക്ഷിക്കുമെന്ന് ഒരു പ്രദർശനം കാണിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുന്നു*

വാക്യം 5 പറയുന്നു, "പിന്നെ പിശാച് അവനെ വിശുദ്ധ നഗരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ദൈവാലായത്തിന്റെ അഗ്രത്തിന്മേൽ നിർത്തി." പുതിയ രാജാവിനോടുള്ള പിശാചിന്റെ ഒന്നാമത്തെ പരീക്ഷ മനുഷ്യജീവിതത്തിന്റെ കാര്യത്തിലായിരുന്നു. ഇതിൽ പരാജയപ്പെട്ടതിനാൽ, ദൈവാലയത്തിന്റെ അഗ്രത്തിൽനിന്ന് താൻ ദൈവപുത്രനാണെന്ന് തെളിയിക്കുവാൻ പുതിയ രാജാവിനെ പ്രലോഭിപ്പിച്ചുകൊണ്ട് അവന്റെ രണ്ടാമത്തെ പരീക്ഷയെ അവൻ മതത്തിലേക്കു തിരിച്ചു. വാക്യം 6-ൽ പിശാച് അവനോടു പറഞ്ഞു, "നീ ദൈവത്തിന്റെ പുത്രനാകുന്നുവെങ്കിൽ നിന്നെത്തന്നെ താഴേക്ക് ഇടുക; എന്തെന്നാൽ നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോട് കല്പിക്കുകയും നിന്റെ കാൽ കല്ലിൽ തട്ടാതിരിക്കേണ്ടതിന് അവർ തങ്ങളുടെ കൈകളിന്മേൽ നിന്നെ വഹിക്കുകയും ചെയ്യും എന്ന് എഴുതിയിരിക്കുന്നുവല്ലോ." കർത്താവായ യേശുവിന് ഇതു ചെയ്യേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. ദൈവപുത്രനെന്ന നിലയിൽ അത്ഭുതകരമായ രീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ താൻ പ്രാപ്തനായിരുന്നു വെന്ന് കാണിക്കാനുള്ള ഒരു പ്രലോഭനം മാത്രമായിരുന്നു അത്. മതത്തിൽ അത്ഭുതകരമായി കാര്യങ്ങൾ ചെയ്യുകയെന്ന ഏതു ചിന്തയും പിശാചിന്റെ ഒരു പ്രലോഭനമാണ്.

രണ്ടാമത്തെ പരീക്ഷ മതത്തിന്റെ ഒരു കാര്യമാണ്. മതത്തിലുള്ള ഏറ്റവും ആവേശമുണർത്തുന്ന കാര്യം അത്ഭുതമാണ്. മനുഷ്യ ധാരണയനുസരിച്ച് അത്ഭുതങ്ങളില്ലാത്ത ഏതു മതവും ശക്തിയില്ലാത്തതാണ്; ഏറ്റവും ശക്തിയുള്ള മതം അത്ഭുതങ്ങളുള്ള

മതമാണ്. അതുകൊണ്ട്, സാത്താൻ പുതിയ രാജാവിനെ ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ കൊണ്ടുവരുകയും ദൂതന്മാർ അവനെ സംരക്ഷിച്ചുകൊള്ളുമെന്നു പറഞ്ഞുകൊണ്ട് അതിൽനിന്ന് ചാടുവാൻ അവനെ പ്രലോഭിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കാര്യം ചെയ്യുന്നതിനുള്ള ചിന്ത നിങ്ങൾക്ക് ഒരിക്കലും ഉണ്ടായിട്ടില്ലെന്നു ചിന്തിക്കരുത്. എന്റെ ആദ്യനാളുകളിൽ ഞാൻ ഒരു അമാനുഷിക വ്യക്തിയാണെന്നും എനിക്ക് അമാനുഷിക ശക്തികൾ ഉണ്ടെന്നും ജനത്തെ കാണിക്കുവാൻ കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിരുന്നു. നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ ഇത്തരത്തിലുള്ള ധാരണ നിങ്ങൾക്കുണ്ടായിട്ടില്ലേ? ചിലപ്പോൾ ചിലത് ചെയ്യാനുള്ള ഒരു ആവശ്യമുള്ളപ്പോൾ നാം പരീക്ഷിക്കപ്പെടുന്നു, മറ്റു സമയങ്ങളിൽ യാതൊരു ആവശ്യവും ഇല്ലാതിരിക്കുമ്പോൾ നാം പരീക്ഷിക്കപ്പെടുന്നു. ഈ സംഭവത്തിൽ ആലയത്തിന്റെ അഗ്രത്തിൽനിന്നും യേശുവിന് ചാടേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല.

ചിലപ്പോൾ ഒരു അത്ഭുതത്തിനുള്ള ആവശ്യം ഉണ്ടെന്നു തോന്നാം. ഒരിക്കൽ എന്റെ ഏറ്റവും ഇളയ ഭാര്യാസഹോദരൻ ഗുരുതരമായ രോഗത്തിലായിത്തീർന്നു. ആ സമയത്ത് അവന്റെ സൗഖ്യത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ട് എന്നെത്തന്നെ പ്രദർശിപ്പിക്കുവാൻ ഞാൻ പരീക്ഷിക്കപ്പെട്ടു. ഞാൻ ചിന്തിച്ചു, "ഞാൻ ഒരു അത്ഭുതവാനായ വ്യക്തിയാണെന്ന് എന്റെ ഭാര്യാസഹോദരങ്ങൾക്കും ബന്ധുക്കൾക്കും തെളിയിച്ചുകൊടുക്കാനുള്ള എന്റെ സമയമാണിപ്പോൾ. ഞാൻ ഒരു പ്രാർഥന മാത്രം പ്രാർഥിക്കും, അപ്പോൾ എന്റെ ഭാര്യാസഹോദരൻ സൗഖ്യം പ്രാപിക്കും. യേശു സൗഖ്യമാക്കുന്നുവെന്നും, അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാണെന്നും, നാം മറ്റുള്ളവർക്കുവേണ്ടി പ്രാർഥിക്കണമെന്നും വേദപുസ്തകം പറയുന്നില്ലേ? എന്റെ ഭാര്യാസഹോദരനുവേണ്ടി ഞാൻ ഈ അത്ഭുതം പ്രവർത്തിക്കുന്നുവെങ്കിൽ ഞാൻ ഒരു അമാനുഷിക വ്യക്തിയാണെന്ന് എന്റെ ഭാര്യാമാതാവിന് ബോധ്യമാകും. അവളുടെ ദൃഷ്ടിയിൽ ഞാൻ വളരെ മതഭക്തനാണ്; ദിവസവും ദൈവത്തെയും, ക്രിസ്തുവിനെയും, വിശ്വാസത്തെയും കുറിച്ചു സംസാരിക്കുന്നു. എന്റെ ഭാര്യാസഹോദരന്റെ അടുത്തുപോയി 'കർത്താവായ യേശുവേ, ഇവനെ സൗഖ്യമാക്കേണമേ' എന്നു ഞാൻ പ്രാർഥിക്കുകയും അവൻ പെട്ടെന്ന് ചാടി എഴുന്നേൽക്കുകയും ചെയ്താൽ എന്തു സംഭവിക്കുമെന്ന് സങ്കല്പിച്ചു നോക്കൂ. അവൻ സൗഖ്യമാകുമെന്നു മാത്രമല്ല, ഞാൻ പ്രകടമാകുകയും ചെയ്യും. എന്റെ ഭാര്യാമാതാവിന്റെ ദൃഷ്ടിയിൽ ഞാൻ എത്ര അത്ഭുതവാനായ വ്യക്തിയായിരിക്കും!" അത് കർത്താവിന്റെ അഭിഷേകവും കർത്താവിന്റെ നടത്തിപ്പും വഴിനടത്തലും

ആയിരുന്നോ, അതോ അതൊരു പരീക്ഷയായിരുന്നോ? തീർച്ചയായും അതൊരു പരീക്ഷയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾക്ക് ഇങ്ങനെയുള്ള ഒരു പ്രലോഭനം ഉണ്ടായിട്ടില്ലേ?

അത്ഭുതങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച് പല യുവ ക്രിസ്ത്യാനികൾക്കും പ്രത്യേക ധാരണകളുണ്ട്. ചിലർ പറഞ്ഞേക്കാം, "ഞാൻ കർത്താവിനെ പിൻപറ്റുന്നവനും എന്റെ ഇമ്മാനുവേലായ കർത്താവിന്റെ സാന്നിധ്യത്തിൽ ആയിരിക്കുന്നവനും ആയതിനാൽ ദൈവം എന്നോടുകൂടെ ഉണ്ടെന്ന് മറ്റുള്ളവരെ കാണിക്കുവാൻ ഞാൻ ചിലതു ചെയ്യണം." ഇങ്ങനെയുള്ള ഒരു ചിന്തയുണ്ടായിരുന്ന ഒരു പ്രിയ സഹോദരനെ എനിക്കറിയാം. കർത്താവ് അവനോടുകൂടെ ഉണ്ടെന്ന ബോധ്യമുണ്ടായിട്ട്, ചില ദിവസങ്ങൾക്കുള്ളിൽ രണ്ടായിരത്തഞ്ഞൂറു ഡോളർ തരുവാൻ അവൻ കർത്താവിനോട് ആവശ്യപ്പെട്ടു. അവൻ പറഞ്ഞു, "കർത്താവേ, നീ എന്നോട് ഒന്നാണെന്ന് നീ ജനത്തെ കാണിക്കണം. ഞാൻ നിന്റെ നാമത്തിൽ എന്തു ചോദിച്ചാലും നീ എനിക്കു നൽകുന്നുവെന്ന് നീ അവരെ കാണിക്കണം. കർത്താവേ, രണ്ടായിരത്തഞ്ഞൂറു ഡോളർ ഞാൻ നിന്നോടു ചോദിക്കുന്നു. ചില ദിവസങ്ങൾക്കുള്ളിൽ നീ അത് എനിക്കു തരണം." ഈ സഹോദരൻ തിന്നുന്നതും ഉറങ്ങുന്നതും അവസാനിപ്പിക്കുകയും, ഈ പണത്തിനുവേണ്ടി പ്രാർഥിക്കുവാൻ തുടങ്ങുകയും ചെയ്തു. എന്തുതരം പ്രാർഥനയായിരുന്നു അത്? അത് തന്നെത്തന്നെ പ്രദർശിപ്പിക്കുന്നതിന് ആലയത്തിന്റെ അഗ്രത്തിൽനിന്നും ചാടുന്നതായിരുന്നു. തത്ത്വത്തിൽ നാം എല്ലാവരും നിരവധി തവണ ഇതു ചെയ്തിട്ടുണ്ട്. ഈ രീതിയിൽ എല്ലാ ക്രിസ്ത്യാനികളും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ ജീവിതത്തിന്റെ വിഷയത്തിൽ പിശാച് നമ്മെ പരീക്ഷിക്കുന്നില്ലെങ്കിൽ, മതത്തിന്റെ വിഷയത്തിൽ അവൻ നമ്മെ പരീക്ഷിക്കും. മതത്തിൽ വലിയവനായിരിക്കുവാൻ, ശക്തനായ ഒരു വ്യക്തിയായി അറിയപ്പെടുവാൻ, നിങ്ങൾ ആഗ്രഹിക്കുന്നുണ്ടാകാം. മറ്റെല്ലാവരും ആലയത്തിന്റെ അഗ്രത്തിൽനിന്നും താഴേക്ക് നടക്കണം, എന്നാൽ ഒരു അമാനുഷിക വ്യക്തിയായ, മറ്റുള്ളവരെക്കാൾ ശക്തനായ നിങ്ങൾക്ക് താഴേക്കു ചാടുവാൻ കഴിയും. ഇതു ചെയ്യുന്നതിലൂടെ നിങ്ങൾ ക്രിസ്തുമതത്തിൽ വലിയവനായിത്തീരുന്നു. എല്ലാ മതപരമായ "വൻതോക്കുകളും" ഈ പ്രലോഭനത്തിന് വഴങ്ങിയിട്ടുള്ളവരാണ്. ക്രിസ്തുമതത്തിൽ നിങ്ങൾ അറിയപ്പെടുന്നവനായിത്തീർന്നെങ്കിൽ, ഒരു അമാനുഷിക വ്യക്തിയായി അംഗീകരിക്കപ്പെടുന്നതിൽ നിങ്ങൾ വിജയിച്ചെങ്കിൽ, നിങ്ങൾ ഈ പ്രലോഭനത്തിന് വഴങ്ങിക്കഴിഞ്ഞു. നിങ്ങൾ ശത്രുവിനാൽ പരാജയപ്പെട്ടു കഴിഞ്ഞു. എന്നാൽ, ഈ പരീക്ഷയിൽ ശത്രുവിനെ തോല്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ,

നിങ്ങൾ ആലയത്തിൽനിന്നും ചാടരുത്. മറിച്ച്, സാധിക്കുന്നത്ര മെല്ലെ നിങ്ങൾ അതിൽനിന്നു താഴേക്കു നടക്കണം. നിങ്ങൾ ബലഹീനനും അശക്തനും ആണെന്ന് മറ്റുള്ളവർ ചിന്തിച്ചോട്ടെ. എന്നാൽ നിങ്ങളോടുതന്നെ നിങ്ങൾ പറയണം, "ഞാൻ ശക്തിയിൽ നടക്കുന്നില്ല. ഞാൻ ജീവനിൽ നടക്കുന്നു. ഞാൻ ശക്തിക്കുവേണ്ടി കരുതുന്നില്ല—ഞാൻ ജീവനുവേണ്ടി കരുതുന്നു." ഇതു പറയുന്നത് എളുപ്പമാണെങ്കിലും ഇതു ചെയ്യുന്നത് പ്രയാസമാണ്. അവസരം വരുമ്പോൾ, ആലയത്തിന്റെ അഗ്രത്തിൽനിന്നും നിങ്ങൾ ചാടുകയില്ലെങ്കിലും, കുറഞ്ഞപക്ഷം നിങ്ങളൊരു നല്ല ഓട്ടക്കാരനാണെന്ന്, മറ്റുള്ളവരെക്കാൾ വേഗത്തിൽ ഓടുവാൻ പ്രാപ്തനാണെന്ന്, കാണിച്ചുകൊണ്ട് നിങ്ങൾ താഴേക്ക് ഓടും. എന്നിരുന്നാലും നാം ശത്രുവിനെ തോല്പിക്കണമെങ്കിൽ നാം ആരുമല്ലാത്തവരാകണം. നിങ്ങൾ ആരോ എന്തോ ആണെന്നു തെളിയിക്കുവാൻ ഒരിക്കലും യാതൊന്നും ചെയ്യരുത്. നിങ്ങൾ ഒന്നുമല്ലെന്ന് മറ്റുള്ളവർ ചിന്തിച്ചോട്ടെ. വാസ്തവത്തിൽ ഞാൻ ഒന്നുമല്ല, എന്റെ ക്രിസ്തു ആണ് സകലവും. ആരുമല്ലാത്ത ഒരു നിലപാട് നിങ്ങൾ എടുക്കുന്നുവെങ്കിൽ, നിങ്ങൾ ശത്രുവിനെ കൊല്ലും. നിങ്ങൾ പരീക്ഷകനെ സംഹരിക്കും.

Mon

### *b. ദൈവത്തെ പരീക്ഷിക്കാതെ പരീക്ഷകനെ പരാജയപ്പെടുത്തുന്നു*

ആലയത്തിന്റെ അഗ്രത്തിൽനിന്നും താഴേക്കു ചാടുവാൻ പിശാച് യേശുവിനെ പരീക്ഷിച്ചപ്പോൾ യേശു അവനോടു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത് എന്ന് പിന്നെയും എഴുതിയിരിക്കുന്നു" (വാ. 7). ഒന്നാമത്തെ പ്രാവശ്യം കർത്താവായ യേശു തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് അവനെ പരാജയപ്പെടുത്തിയതുകൊണ്ട് പരീക്ഷകൻ കർത്താവിന്റെ രീതി അനുകരിക്കുകയും, തന്റെ രണ്ടാമത്തെ പരീക്ഷയിൽ കൗശലപരമായ ഒരു മാർഗത്തിലാണെങ്കിൽ പോലും അവനും തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് അവനെ പരീക്ഷിച്ചു. പരീക്ഷകന്റെ വഞ്ചനയിൽനിന്നും കാക്കപ്പെടുവാൻ നാം ഏതെങ്കിലും കാര്യത്തിന്റെ ഒരു വശത്തെ സംബന്ധിച്ച തിരുവെഴുത്തുകൾ ഉദ്ധരിച്ചാൽ മറ്റെ വശവും ശ്രദ്ധിക്കണമെന്ന് അതു നമ്മോട് ആവശ്യപ്പെടുന്നു. ഇതായിരുന്നു പരീക്ഷകന്റെ രണ്ടാമത്തെ പരീക്ഷയെ എതിരിടുവാൻ പുതിയ രാജാവ് ചെയ്തത്. "*പിന്നെയും* എഴുതിയിരിക്കുന്നു" എന്ന് നിരവധി തവണ നാം പരീക്ഷകനോട് പറയേണ്ടതുണ്ട്.

തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് ഒന്നാമത്തെ പരീക്ഷയിൽ കർത്താവായ യേശു സാത്താനെ പരാജയപ്പെടുത്തി. അങ്ങനെ രണ്ടാമത്തെ പരീക്ഷയിൽ പരീക്ഷകൻതന്നെ അവയെ ഉദ്ധരിച്ചു.

"യേശുവേ, നീ വേദപുസ്തകം ഉദ്ധരിച്ചു. എനിക്കും വേദപുസ്തകം അറിയാം. ഞാൻ നിന്നോട് ഒരു വാക്യം ഉദ്ധരിക്കട്ടെ" എന്ന് അവൻ പറഞ്ഞെന്നു തോന്നുന്നു. എന്നാൽ കർത്താവായ യേശു പറഞ്ഞു, "പിന്നെയും എഴുതിയിരിക്കുന്നു." "പിന്നെയും" എന്ന പദം വളരെ ശക്തിയുള്ളതാണ്. നിങ്ങൾക്ക് വേദപുസ്തകം ഉദ്ധരിക്കുവാൻ കഴിയുമെന്നും ശത്രുവിന് കഴിയുകയില്ലെന്നും ചിന്തിക്കരുത്. വേദപുസ്തകത്തെ നിങ്ങൾ അറിയുന്നതിനെക്കാൾ കൂടുതൽ അവൻ അറിയുന്നു. അതുകൊണ്ട്, ഒരു സന്തുലിതമോ ഒരു ഉറപ്പോ ആയി പിന്നെയും ഒരു വാക്കുണ്ടായിരിക്കുന്നത് ഏറ്റവും നല്ല സുരക്ഷയാണ്. അപ്പോൾ രണ്ടാമത്തെ പരീക്ഷയിൽ ശത്രു തോല്പിക്കപ്പെടും.

കർത്താവായ യേശു സാത്താനോടു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്" (വാ. 7). ദൈവത്തെ പരീക്ഷിക്കരുത്. ആലയത്തിന്റെ അഗ്രത്തിലേക്കു പോയി ചാടാതിരിക്കുക. ആകസ്മികമായി നിങ്ങൾ അവിടെ എത്തപ്പെട്ടു വെങ്കിൽ, താഴേക്കു വരാനുള്ള ഒരു വഴി നിങ്ങൾ കണ്ടെത്തണം. എന്നാൽ മനഃപൂർവ്വമായി നിങ്ങൾ ഒരിക്കലും അവിടെ പോകരുത്. അബദ്ധത്തിൽ നിങ്ങൾ അവിടെ ആയിരിക്കുന്നുവെങ്കിൽ നിങ്ങളോട് ക്ഷമിക്കുവാനും പടിപടിയായി താഴേക്ക് നടക്കുവാൻ നിങ്ങളെ സഹായിക്കുവാനും കർത്താവിനോട് ആവശ്യപ്പെടുക. എന്നാൽ ഒരു പ്രദർശനം നടത്തുവാനായി നിങ്ങൾ ചാടരുത്. നിങ്ങൾ ആരുമല്ല. ദൈവത്തെ പരീക്ഷിക്കാനുള്ള അവന്റെ നിർദ്ദേശം എടുക്കാതെ കർത്താവായ യേശു പരീക്ഷകനെ ജയിച്ചു.

### *3. പിശാചിനെ ആരാധിക്കുവാൻ*

#### *a. ലോകരാജ്യങ്ങളെയും അവയുടെ മഹത്വത്തെയും നേടുവാൻ പരീക്ഷിക്കപ്പെട്ടു*

8-ഉം 9-ഉം വാക്യങ്ങൾ പറയുന്നു, "വീണ്ടും, പിശാച് അവനെ വളരെ ഉയർന്നോരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും അവന് കാണിച്ചുകൊടുത്തു. അവൻ അവനോട്, നീ വീണു എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്കു നൽകാം എന്നു പറഞ്ഞു." മതപരമായ മണ്ഡലത്തിലുള്ള തന്റെ പരീക്ഷയിൽ പരാജയപ്പെട്ടിട്ട് പിശാച് പുതിയ രാജാവിന് മൂന്നാമത്തെ പരീക്ഷ അവതരിപ്പിച്ചു; ഇത്തവണ അത് ഈ ലോകത്തിന്റെ മഹത്വത്തിന്റെ മണ്ഡലത്തിലായിരുന്നു. അവൻ കർത്താവിന് ലോകത്തിന്റെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചുകൊടുത്തു. കൗശലക്കാരനായവന്റെ പ്രലോഭനങ്ങൾ എല്ലായ്പ്പോഴും ഈ രീതിയിൽ വരുന്നു: ഒന്നാമത് മനുഷ്യ ജീവിതത്തിലും,

രണ്ടാമത് മതത്തിലും, മൂന്നാമത് ലൗകിക മഹത്വത്തിലും. ഏതു പരീക്ഷയിലും ഈ മൂന്ന് കാര്യങ്ങളും ഉണ്ടായിരിക്കും. മൂന്നാമത്തെ പരീക്ഷ ലൗകിക മഹത്വത്തിന്റെയും, സ്ഥാനക്കയറ്റത്തിന്റെയും, അതിമോഹത്തിന്റെയും, സ്ഥാനത്തിന്റെയും, ഒരു നല്ലഭാവിയെയും സംബന്ധിച്ച വിഷയമാണ്. ഇതെല്ലാം ലോകത്തിന്റെ മഹത്വമാണ്.

ലോകരാജ്യങ്ങളും അവയുടെ മഹത്വവും പിശാചിന് നല്കപ്പെട്ടിരിക്കുന്നുവെന്ന് ലൂക്കൊസ് 4:6 പറയുന്നു. അതിനാൽ അവൻ ഇച്ഛിക്കുന്നവന് അവൻ അവയെ കൊടുക്കുന്നു. തന്റെ വീഴ്ചയ്ക്കുമുമ്പ് ലോകത്തിന്റെ അധിപൻ ആയിരിക്കുവാൻ പ്രധാന ദൂതനായ സാത്താനെ ദൈവം നിയമിച്ചിരുന്നു (യെഹെ. 28:13-14). അങ്ങനെ, ഈ ലോകത്തിന്റെ അധിപനെന്ന് അവൻ വിളിക്കപ്പെടുന്നു (യോഹ. 12:31); അവൻ ഈ ലോകത്തിന്റെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും തന്റെ കയ്യിൽ പിടിച്ചിരിക്കുന്നു. ആരാധന കൈക്കലാക്കുവാനുള്ള ഒരു പ്രലോഭനമായി പുതുതായി അഭിഷേകം ചെയ്യപ്പെട്ട രാജാവിന് അവൻ ഇവയെല്ലാം അവതരിപ്പിച്ചു. സ്വർഗീയ രാജാവ് ഈ പരീക്ഷയെ ജയിച്ചുവെങ്കിലും വരുവാനുള്ള എതിർക്രിസ്തു ജയിക്കുകയില്ല (വെളി. 13:2, 4).

ഈ പരീക്ഷയിൽ അതിമോഹത്തിന്റെയും സ്ഥാനക്കയറ്റത്തിന്റെയും വിഷയങ്ങൾ ഉൾപ്പെടുന്നു. വിശുദ്ധന്മാരുടെ ഇടയിൽപോലും ഒരു നേതാവായിരിക്കാനുള്ള ആഗ്രഹം ഉണ്ട്. ഇത് ലൗകിക മഹ്ത്വത്തിനു വേണ്ടിയുള്ള ആഗ്രഹമാണ്. ഒരു നേതാവായിരിക്കാനുള്ള നിങ്ങളുടെ ആകാംക്ഷ നിങ്ങളുടെ അതിമോഹമാണ്. ഇത് ലോകത്തിന്റെ മഹത്വമാണ്. ഈ രീതിയിൽ നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുമ്പോഴെല്ലാം ഈ പ്രലോഭനത്തിനു പിന്നിൽ നിങ്ങളുടെ ആരാധന നേടുവാൻ അന്വേഷിക്കുന്ന പരീക്ഷകനുണ്ടെന്ന് നിങ്ങൾ തിരിച്ചറിയണം. കർത്താവായ യേശു അവനെ ആരാധിക്കുമെങ്കിൽ ലോകത്തിന്റെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും അവനു നൽകാമെന്ന് സാത്താൻ അവനോടു പറഞ്ഞു. ഏത് അതിമോഹത്തിന്റെയും പിന്നിൽ മറഞ്ഞിരിക്കുന്ന ഒരു വിഗ്രഹമുണ്ട്. ഒരു സ്ഥാനമോ, ഒരു സ്ഥാനക്കയറ്റമോ, ഒരു പേരോ ഉണ്ടായിരിക്കുവാൻ നിങ്ങൾ അതിമോഹമുള്ളവനാണെങ്കിൽ ആ അതിമോഹത്തിനു പിന്നിൽ ഒരു വിഗ്രഹമുണ്ട്. നിങ്ങൾ ഒരു വിഗ്രഹത്തെ ആരാധിക്കുന്നില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും നിങ്ങളുടെ അതിമോഹം നിവർത്തിക്കുകയില്ല. ലോകമഹത്വത്തിന്റെ ഏതെങ്കിലും ഭാഗം ഉണ്ടായിരിക്കുന്നതിന് നിങ്ങൾ ഏതെങ്കിലും വിഗ്രഹത്തെ ആരാധിക്കണം. വിഗ്രഹങ്ങളെ ആരാധിക്കാതെ ഒരു സ്ഥാനമുണ്ടായിരിക്കുന്നത് അസാധ്യമാണ്. നിങ്ങൾ ഒരു പ്രത്യേക സ്ഥാനം അന്വേഷിക്കുമ്പോഴെല്ലാം നിങ്ങൾ ഒരു വിഗ്രഹത്തെ ആരാധിക്കുകയാണെന്ന്

ഉള്ളിൽ ആഴത്തിൽ നിങ്ങൾ അറിയുന്നു. ഇക്കാരണത്താൽ, അത്യാഗ്രഹം വിഗ്രഹാരാധനയാണെന്ന് അപ്പൊസ്തലൻ പറഞ്ഞു (കൊലൊ. 3:5).

നിങ്ങളെക്കാൾ നാലു വർഷത്തിനുശേഷം സഭാജീവിതത്തിലേക്ക് വന്ന ചില സഹോദരന്മാർ നേതൃത്വത്തിലേക്കു വന്നുവെന്നും നിങ്ങളെ കടന്നുപോയെന്ന് നിങ്ങൾക്കു തോന്നിയെന്നും സങ്കല്പിക്കുക. എന്തുകൊണ്ട് നിങ്ങളെ നടത്തിപ്പുകാരനാക്കാതെ അവരെയാക്കിയെന്നു ചോദിച്ചുകൊണ്ട് നിങ്ങൾ ഇതിനെക്കുറിച്ച് പരാതിപ്പെടുന്നുവെങ്കിൽ, അത് നിങ്ങൾ ലോകമഹത്വം അന്വേഷിക്കുന്നുവെന്നതിന്റെ ഒരു തെളിവാണ്. ഒരുപക്ഷേ പത്തു സഹോദരിമാരുടെ ഇടയിൽ ഒരു പ്രത്യേക സേവനത്തിൽ നേതൃത്വം എടുക്കുന്നതിന് മൂന്നുപേരെ നിയമിച്ചിരിക്കാം. മറ്റ് ഏഴുപേർക്ക് ഇതിനെക്കുറിച്ച് യാതൊരു അനുഭൂതിയും ഇല്ലെങ്കിൽ അവർ ജയം നേടിക്കഴിഞ്ഞു. എന്നാൽ ആ മൂന്നുപേരെ എന്തുകൊണ്ട് നിയമിച്ചുവെന്ന് അവർ ചോദ്യംചെയ്യുന്നുവെങ്കിൽ ഇതു സൂചിപ്പിക്കുന്നത് അവർ വ്യർഥമായ മഹത്വം, ഈ യുഗത്തിന്റെ മഹത്വം അന്വേഷിക്കുന്നു എന്നാണ്. ഈ വിഷയത്തിൽ നാം എല്ലാവരും ബലഹീനരാണ്. അതിമോഹത്തിനും സ്ഥാനത്തിനും വേണ്ടിയുള്ള ഈ ആഗ്രഹത്തിന് സഭാജീവിതത്തിലേക്കുപോലും നുഴഞ്ഞുകയറാമെങ്കിൽ മറ്റുള്ള കാര്യങ്ങളിൽ നാം എത്രമാത്രം ജാഗ്രത ഉള്ളവരായിരിക്കണം!

### *b. ദൈവത്തെ ആരാധിക്കുകയും അവനെ മാത്രം സേവിക്കുകയും ചെയ്തുകൊണ്ട് പരീക്ഷകനെ പരാജയപ്പെടുത്തുന്നു*

വാക്യം 10-ൽ കർത്താവായ യേശു പറഞ്ഞു, "കടന്നുപോ സാത്താനേ! എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും എന്ന് എഴുതിയിരിക്കുന്നു." യവനഭാഷയിൽ സാത്താൻ അർഥമാക്കുന്നത് എതിരാളി എന്നാണ്. അവൻ ദൈവത്തിന്റെ രാജ്യത്തിനു വെളിയിലുള്ള ദൈവത്തിന്റെ ശത്രു മാത്രമല്ല, പിന്നെയോ ദൈവത്തിനെതിരായി മത്സരിച്ചുകൊണ്ട്, ദൈവത്തിന്റെ രാജ്യത്തിനുള്ളിലുള്ള എതിരാളിയുമാണ്. പുതിയ രാജാവ് പിശാചിന്റെ അവതരണത്തെ ശാസിക്കുകയും ദൈവത്തെ ആരാധിക്കുവാനും ദൈവത്തെ മാത്രം സേവിക്കുവാനുമായി മനുഷ്യനെന്ന അടിത്തറയിന്മേൽ നിന്നുകൊണ്ട് അവനെ പരാജയപ്പെടുത്തുകയും ചെയ്തു. നേട്ടത്തിനുവേണ്ടി ദൈവമല്ലാത്ത എന്തിനെയെങ്കിലും ആരാധിക്കുകയോ സേവിക്കുകയോ ചെയ്യുന്നത് എപ്പോഴും ആരാധന കൈക്കലാക്കാനുള്ള പിശാചിന്റെ പ്രലോഭനമാണ്. കർത്താവ് സാത്താനോട് ഇങ്ങനെ

പറയുന്നതായി തോന്നുന്നു, "സാത്താനേ, ഒരു മനുഷ്യനെന്ന നിലയിൽ യേശു എന്ന ഞാൻ ദൈവത്തെ ആരാധിക്കുകയും അവനെ മാത്രം സേവിക്കുകയും ചെയ്യുന്നു. നീ ദൈവത്തിന്റെ ശത്രുവാണ്; ഞാൻ നിന്നെ ഒരിക്കലും ആരാധിക്കുകയില്ല. ഞാൻ ലോകത്തിന്റെ മഹത്വത്തിനു വേണ്ടിയോ ലോകത്തിന്റെ രാജ്യങ്ങൾക്കു വേണ്ടിയോ കരുതുന്നില്ല. സാത്താനേ, എന്നെ വിട്ടുപോകുക."

നമ്മുടെ അനുഭവത്തെ നാം പരിഗണിക്കുന്നുവെങ്കിൽ എല്ലാ പ്രലോഭനങ്ങളും ഈ മൂന്നു വശങ്ങളിൽ അടങ്ങിയിരിക്കുന്നു എന്നു നാം കാണും: നമ്മുടെ ജീവിതത്തെ സംബന്ധിച്ച വിഷയത്തിലുള്ള പ്രലോഭനവും, മതപരമായ അത്ഭുതങ്ങളുടെ പ്രലോഭനവും, ലൗകികമായ മഹത്വത്തിന്റെ മണ്ഡലത്തിലുള്ള പ്രലോഭനവും. ദിവസം മുഴുവനും നമ്മുടെ ജീവിതത്തിന്റെയും, മതത്തിന്റെയും, ലൗകിക സ്ഥാനത്തിന്റെയും വശങ്ങളിൽ നാം പ്രലോഭിപ്പിക്കപ്പെടുന്നു. എന്നാൽ കർത്താവായ യേശു ശത്രുവിന്റെ പ്രലോഭനത്തിന്റെ എല്ലാ വശത്തെയും ജയിച്ചു. "എന്റെ ജീവിതം രണ്ടാമതാണ്. മതപരമായ ശക്തിക്കുവേണ്ടി ഞാൻ കരുതുന്നില്ല. ലൗകിക മഹത്വത്തിന് ഞാനുമായി ഒരു കാര്യവുമില്ല. എനിക്ക് ദൈവത്തിന്റെ വചനത്തെയും ദൈവത്തെയും മാത്രമേ അറിയാവൂ. ദൈവത്തെ മാത്രം സേവിക്കുവാൻ ഞാൻ കരുതുന്നു" എന്നു പറയുവാൻ അവനു കഴിഞ്ഞു. അതുകൊണ്ട്, പരീക്ഷ ജയിച്ചവനെന്ന നിലയിൽ കർത്താവായ യേശു സ്വർഗരാജ്യത്തിന്റെ രാജാവായിരിക്കുവാൻ യോഗ്യതയുള്ളവനായിരുന്നു.

## D. ഫലം

വാക്യം 11 പറയുന്നു, "അപ്പോൾ പിശാച് അവനെ വിട്ടുപോയി, ഇതാ, ദൂതന്മാർ വന്ന് അവനെ ശുശ്രൂഷിച്ചു." ഒന്നാം മനുഷ്യനായ ആദാമിനോടുള്ള പിശാചിന്റെ പ്രലോഭനം ഒരു വിജയമായിരുന്നു; രണ്ടാം മനുഷ്യനായ ക്രിസ്തുവിനോടുള്ള അവന്റെ പ്രലോഭനം ഒരു പൂർണ്ണ പരാജയമായിരുന്നു. പുതിയ രാജാവിന്റെ സ്വർഗരാജ്യത്തിൽ അവന് യാതൊരു സ്ഥലവും ഉണ്ടായിരിക്കുകയില്ല എന്ന് ഇതു സൂചിപ്പിക്കുന്നു. കർത്താവായ യേശു സാത്താനെ പരാജയപ്പെടുത്തിയശേഷം ദൂതന്മാർ വരുകയും കഷ്ടം സഹിക്കുന്ന മനുഷ്യനെന്ന നിലയിൽ പരീക്ഷിക്കപ്പെട്ട രാജാവിനെ അവർ ശുശ്രൂഷിക്കുകയും ചെയ്തു (പ്ര.നി. ലൂക്കൊ. 22:43).

രാജാവു മാത്രമല്ല, രാജ്യജനവും തങ്ങളുടെ ദിനംപ്രതിയുള്ള ജീവിതത്തിന്റെയും മതപരമായ ശക്തിയുടെയും ലൗകിക മഹത്വത്തിന്റെയും വിഷയത്തിൽ ജയിക്കണം. ഈ മൂന്നു പ്രലോഭനങ്ങളെ നമുക്ക് ജയിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നാം രാജ്യത്തിനു പുറത്താണ്. നാം രാജ്യജനമായിരിക്കണമെങ്കിൽ ഈ

മൂന്നു കാര്യങ്ങൾ നമ്മുടെ കാൽക്കീഴിൽ ആയിരിക്കണം. "എന്റെ ജീവിതത്തിനുവേണ്ടിയോ, മതപരമായ ശക്തിക്കുവേണ്ടിയോ, ലൗകിക സ്ഥാനത്തിനുവേണ്ടിയോ ഞാൻ കരുതുന്നില്ല" എന്നു പറഞ്ഞുകൊണ്ട് ഈ മൂന്നു പ്രലോഭനങ്ങളെ നാം കൊല്ലുന്നുവെങ്കിൽ, സാത്താന് നമ്മോട് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല.

നമ്മുടെ ദൈനംദിന ജീവിതത്തെക്കുറിച്ച് നാം ആശങ്കപ്പെടരുത്. അപ്പൊസ്തലനായ പൗലൊസിന്റെ ഉദാഹരണം നോക്കുക. പൗലൊസ് പറഞ്ഞു, "താഴ്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു" (ഫിലി. 4:12). പൗലൊസ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എനിക്ക് ദാരിദ്ര്യമാണോ സമൃദ്ധിയാണോ ഉള്ളതെന്നത് വിഷയമല്ല. ദുർഭിക്ഷത്തിലും അധികത്തിലും എനിക്ക് ജീവിക്കുവാൻ കഴിയും. എന്റെ ദൈനംദിന ജീവിതത്തിന്റെ വിഷയം എന്നെ അലട്ടുന്നില്ല."

കൂടാതെ, മതപരമായ ശക്തിക്കുവേണ്ടി കരുതുന്നതിനുപകരം, യേശുക്രിസ്തു പിടിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്തപ്പോൾ ബലഹീനനായിരുന്നതുപോലെ, നാം ബലഹീനരായിരിക്കണം. അവൻ ബലഹീനനല്ലായിരുന്നുവെങ്കിൽ ആർക്ക് അവനെ പിടിക്കുവാനും ക്രൂശിക്കുവാനും കഴിയുമായിരുന്നു? അവനെ പിടിക്കുകയും, ശോധന ചെയ്യുകയും, ക്രൂശിക്കുകയും ചെയ്തപ്പോൾ, അവന്റെ ശക്തിയുടെ യാതൊരു പ്രദർശനവും അവൻ നടത്തിയില്ല. ഏതെങ്കിലും മതപരമായ ശക്തി പ്രകടമാക്കുവാൻ അവൻ വിസമ്മതിച്ചു. പകരം, അവൻ അങ്ങേയറ്റം ബലഹീനനായിരുന്നു. "അവൻബലഹീനത നിമിത്തം ക്രൂശിക്കപ്പെട്ടു" എന്ന് ക്രിസ്തുവിനെക്കുറിച്ച് പൗലൊസ് പറഞ്ഞു; "അവനിൽ ഞങ്ങൾ ബലഹീനർ" എന്നും അവൻ പറഞ്ഞു (2 കൊരി. 13:4). "നീ ക്രിസ്തുവിന്റെ യഥാർഥ അപ്പൊസ്തലനാണെങ്കിൽ അതു തെളിയിക്കുവാൻ നീ ചിലതു ചെയ്യണം" എന്നു പറഞ്ഞുകൊണ്ട് പൈശാചികരായ നിരവധി ആളുകൾ പൗലൊസിനെ വെല്ലുവിളിച്ചു. എങ്കിലും പൗലൊസ് കാരാഗൃഹത്തിലായിരുന്നപ്പോൾ അവനുവേണ്ടി കർത്താവ് അത്ഭുതകരമായ യാതൊന്നും ചെയ്തില്ല.

പൗലൊസിന്റെ സാഹചര്യം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട യോഹന്നാൻ സ്നാപകന്റേതിനു സമമായിരുന്നു. കുറെ നാൾ കാരാഗൃഹത്തിലായിരുന്നതിനുശേഷം യോഹന്നാൻ കർത്താവിനെ വെല്ലുവിളിക്കുവാൻ തന്റെ ശിഷ്യന്മാരെ കർത്താവിന്റെ അടുക്കൽ അയച്ചു പറഞ്ഞത്, "വരുന്നവൻ നീയോ, അതോ ഞങ്ങൾ വേറൊരുവനെ പ്രതീക്ഷിക്കണോ?" (11:3).

യോഹന്നാൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "വരുന്നവൻ നീയാണെങ്കിൽ എന്തുകൊണ്ടാണ് നീ എനിക്കുവേണ്ടി ഒന്നും ചെയ്യാത്തത്? നിന്റെ മുൻഗാമിയും ശുപാർശക്കാരനുമായ ഞാൻ കാരാഗൃഹത്തിലാണെന്ന് നിനക്കറിയില്ലേ? നീ ശക്തിയുള്ളവനല്ലേ? നീ സർവ്വശക്തനായ ക്രിസ്തു അല്ലേ? എങ്കിൽ എനിക്കുവേണ്ടി ചിലതു ചെയ്യുക." തന്റെ ഉത്തരത്തിൽ കർത്താവു പറഞ്ഞു, "എന്റെ നിമിത്തം ഇടറിപ്പോകാത്തവൻ അനുഗൃഹീതനാകുന്നു" (11:6). കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "അതെ, എനിക്ക് എന്തും ചെയ്യുവാൻ കഴിയും. എന്നാൽ നിനക്കുവേണ്ടി യാതൊന്നും ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നീ എന്റെ ശുപാർശക്കാരനായ മുൻഗാമിയാണെങ്കിലും, നിനക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഞാൻ തുനിയുന്നില്ല. പകരം നിന്റെ തല ഛേദിക്കപ്പെടുവാൻ ഞാൻ അനുവദിക്കുന്നു. യോഹന്നാനേ, നീ എന്നാൽ ഇടറിപ്പോകുമോ?" സഹോദരൻ നീയുടെ അനുഭവം ഇതിന്റെ കാലികമായ ഒരു ഉദാഹരണമാണ്. 1952 മുതൽ 1972-ൽ അദ്ദേഹം മരിക്കുന്നതു വരെ ജയിലിലായിരുന്നു. ആ ഇരുപതു വർഷങ്ങളിൽ കർത്താവ് അദ്ദേഹത്തിനുവേണ്ടി അത്ഭുതകരമായ രീതിയിൽ യാതൊന്നും ചെയ്തില്ല.

ഈ മൂന്നു തരത്തിലുള്ള പ്രലോഭനങ്ങളെ—നമ്മുടെ ജീവിതത്തിന്റെ പ്രലോഭനത്തെയും, മതപരമായ ശക്തിയെന്നു വിളിക്കപ്പെടുന്ന പ്രലോഭനത്തെയും, വ്യർഥ മഹത്വത്തിന്റെ പ്രലോഭനത്തെയും—നാം എത്രമാത്രം ജയിക്കേണ്ടതാകുന്നു! ഈ കാര്യങ്ങളെ നാം കീഴടക്കുമെങ്കിൽ നാം വാസ്തവമായും സ്വർഗീയ രാജാവിനെ പിന്തുടരുന്ന രാജ്യജനമാണ്. ഹല്ലേലൂയ്യാ, നമ്മുടെ സ്വർഗീയ രാജാവ് പരീക്ഷകനെ ജയിക്കുകയും, ഈ മൂന്നു പരീക്ഷകളിൽ അവനെ പരാജയപ്പെടുത്തുകയും ചെയ്തു!